മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) കാർ ഒരു ഉന്തുവണ്ടിമേൽ തട്ടിയതിന്റെ ഫലമായി പരുക്കു പറ്റിയ മൂന്നുപേരിൽ രണ്ടുപേരെ 10–12–1963 ൽ ആശുപത്രിയിൽനിന്നും വിട്ടയച്ചു. ഇന്നും ആശുപത്രിയിലുള്ള ആളിന്റെ ആരോഗ്യസ്ഥിതി തൃപ്തികരമാംവിധം പുരോഗമിച്ചുവരുന്നു.

(ബി) പരുക്കുപറ്റിയവരെ അവരുടെ ബന്ധുക്കളും പൊതുജനങ്ങളും കൂടെ പ്രഥമശുശ്രൂഷക്കായി ആശുപത്രിയിലെയച്ചു.

(സി) 10–12–1963. ൽ

(ഡി) ഉണ്ട്.

ബസ്സ് ചാർജ്ജ്.

* 384. [19] ശ്രീ. കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ്സ് ചാർജ്ജിനെക്കുറിച്ചും ഫെയർ സ്റ്റേജ് നിർണ്ണയത്തെക്കുറിച്ചും അന്വേഷിക്കാൻ ചുമതലപ്പെടുത്തിയ ടാൻസ്പോർട്ട് ഉന്നതതല കമ്മിറ്റിയുടെ റിപ്പോർട്ട് ഗവണ്മെന്റിനു സമർപ്പിച്ചിട്ടുണ്ടോ;

(ബി) റിപ്പോർട്ടിന്റെ പൂർണ്ണ വിവരം വെളിപ്പെടുത്തുമോ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. റ്റി. അച്യുതൻ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പഞ്ചായത്തുകൾക്ക് ആഫീസ് കെട്ടിടങ്ങൾ പണിയുന്നതിനു നൽകുന്ന സാമ്പത്തികസഹായം.

* 385. [20] ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റിൽ ആകെ എത്ര പഞ്ചായത്തുകൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ട്;

(ബി) സ്വന്തമായി പഞ്ചായത്തുകൾക്ക് ആഫീസ് കെട്ടിടങ്ങൾ പണിയുന്നതിനു ഗവണ്മെന്റിൽനിന്നു പ്രത്യേക സാമ്പത്തികസഹായം നൽകുന്നതിനു എന്തെങ്കിലും സ്കീമുകൾ ഇപ്പോൾ നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ അതു ആരംഭിക്കുവാൻ ദയവുണ്ടാകുമോ?

വ്യവസായവകുപ്പുമന്ത്രി, (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) സ്റ്റേറ്റിൽ ആകെ 256 പഞ്ചായത്തുകൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ട്;

(ബി) ഉണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly